# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4468

26.06.2014-ന് മറുപടിയ്ക്ക്

### ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കുടുംബനാഥന്റെ മരണത്തെ ത്തുടർന്ന് ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിന് അപേക്ഷിച്ചാൽ എത്ര ദിവസത്തിനകം നൽകണ മെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ അതെത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) വ്യവസ്ഥ ചെയ്തിട്ടില്ല. |
| (ബി) കാസർഗോഡ് താലൂക്ക് ഓഫീ സിൽ ഇത്തരം അപേക്ഷകളിൽ കാലവിളംബം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഓഫീസിൽ ഏതു തീയതി മുതലുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ടെന്ന് വിശദമാ ക്കുമോ; | (ബി) ഇല്ല. 04.12.2013 മുതൽ 20.06.2014 വരെ 91 അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനുണ്ട്. |
| (സി) ശ്രീമതി.എം.വി.ലീലയുടെ മരണാനന്തര അവകാശ സർട്ടിഫിക്കറ്റിന് ഭർത്താവ് ശ്രീ.പി.വി.ബാലൻ 17.06.2013-ന് സമർപ്പിച്ച അപേക്ഷ നൽകിയിട്ട് ഗസറ്റ് നോട്ടിഫിക്കേഷനയക്കാൻ 25.3.2014 വരെ കാലവിളംബം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കുമോ; ഇത്തരത്തിൽ 2013-ലെ എത്ര അപേക്ഷകളിൽ കാലവിളംബം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) കാസർഗോഡ് താലൂക്ക് പരിധിയിൽ 41 ഗ്രൂപ്പ് വില്ലേജുകളിൽ നിന്നുള്ള അപേക്ഷകളുടെ ബാഹുല്യം നിമിത്തം മേൽ അപേക്ഷയിലടക്കം കാലവിളംബം നേരിട്ടിട്ടുണ്ട്. ശ്രീമതി.എം.വി.ലീലയുടെ മരണാനന്തര അനന്തരാവകാശ സർട്ടി ഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. 2013-ലെ 15 അപേക്ഷകളിൽ കാലവിളംബം ഉണ്ടായിട്ടുണ്ട്. |

Vatsala S.O

സെക്ഷൻ ഓഫീസർ